**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 47** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>പ്രവാസി നിക്ഷേപം ആകർഷിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അപു ജോൺ ജോസഫ്
ശ്രീ. ഷിബു തെക്കുംപുറം
ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന-മുൻഗണനാ മേഖലകളിൽ കൂടുതൽ പ്രവാസി നിക്ഷേപം ലഭ്യമാക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളിലും വ്യവസായങ്ങളിലും അടിസ്ഥാനസൗകര്യ വികസന പദ്ധതികളിലും പ്രവാസി നിക്ഷേപങ്ങൾ സുരക്ഷിതമായും സുതാര്യമായും ആകർഷിക്കുന്നതിനായി പ്രൊഫഷണലുകളുടെ നേതൃത്വത്തിലുള്ള പ്രവാസി ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് ഫണ്ട് രൂപീകരിക്കുന്നതാണ്.

തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, ധനകാര്യ സ്ഥാപനങ്ങൾ, വിഷയ വിദഗ്ദർ, മറ്റ് പങ്കാളികൾ എന്നിവരുമായി യോജിച്ച് ,പ്രവാസികൾക്കും മറ്റ് നിക്ഷേപകർക്കും ഒരു പിന്തുണാ സംവിധാനമായി OKIHL-ന്റെ കീഴിൽ ഷെർപ്പ ഇൻവെസ്റ്റ്മെന്റ് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

**(ബി)** പ്രവാസി പാർട്ണർഷിപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയെന്നും പദ്ധതിയുടെ പുരോഗതിയും അറിയിക്കാമോ;

**<u>മറുപടി:</u>** 2026 സെപ്റ്റംബർ 18-ന് നടന്ന റൗണ്ട് ടേബിൾ കോൺഫറൻസിൽ പ്രവാസി പാർട്ണർഷിപ്പ് സംബന്ധിച്ച വിഷയം ചർച്ച ചെയ്തിരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**(സി)** പ്രവാസികളുടെ ബാങ്ക് നിക്ഷേപത്തെ സംസ്ഥാനത്തെ മൂലധന നിക്ഷേപമായി പരിവർത്തനം ചെയ്യുന്നത് ലക്ഷ്യമിട്ട് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ഘടകങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** 2026 സെപ്റ്റംബർ 18-ന് നടന്ന റൗണ്ട് ടേബിൾ കോൺഫറൻസിൽ പ്രവാസി പാർട്ണർഷിപ്പ് സംബന്ധിച്ച വിഷയം ചർച്ച ചെയ്തിരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**(ഡി)** ഓരോ പദ്ധതിക്കുമായി പ്രവാസി നിക്ഷേപകരെ പ്രത്യേകം സമീപിക്കുന്നതിന് പകരം പ്രവാസി നിക്ഷേപത്തിന് അനുയോജ്യവും അവർക്ക് വരുമാന ലഭ്യത ഉറപ്പുവരുത്തുന്നതുമായ

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പ്രവാസി പാർട്ണർഷിപ്പ് പദ്ധതിയിൽ ഊന്നൽ നൽകുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** 2026 സെപ്റ്റംബർ 18-ന് നടന്ന റൗണ്ട് ടേബിൾ കോൺഫറൻസിൽ പ്രവാസി പാർട്ണർഷിപ്പ് സംബന്ധിച്ച വിഷയം ചർച്ച ചെയ്തിരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**